

# സമ്പൂർണ്ണകൃതികൾ: ഭാഗം VII

കെ. ദാമോദരൻ

## 16. ഫോർമലിസം തലപൊക്കുന്നു

സമ്പൂർണ്ണകൃതികൾ: ഭാഗം VII

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

16 ഫോർമലിസം തലപൊക്കുന്നു . . . . . . . . . . . . . 1

# 16

## ഫോർമലിസം തലപൊക്കുന്നു

തിരുവനന്തപുരത്തെ സംസ്കൃതകോളേജിന്റെ മുൻവശത്തുള്ള റോഡിൽ ഡിസമ്പർ 24-ാം തീയതി മുതൽ 28-ാം തീയതി വരെ ലാത്തിധാരികളായ പോലീസുകാർ കാവൽ നിന്നിരുന്നു. കോളേജുവളപ്പിൽ കെട്ടിയുണ്ടാക്കിയ പന്തലിൽ സമസ്തകേരള സാഹിത്യപരിഷത്തിന്റെ 24-ാം സമ്മേളനം നടക്കുകയായിരുന്നു.

പോലീസ്സുകാരേയും വാളണ്ടിയർമാരേയും പിന്നിട്ട് വളപ്പിന്നുള്ളിൽ കടന്നാൽ ആദ്യമായി കണ്ണിൽപ്പെടുക അമേരിക്കൻ എംബസ്സിക്കാരുടെ ഒരു പരസ്യമാണ്. പന്തലെത്തിയാൽ ഒരു സരസ്വതീമണ്ഡപം കാണാം. അതിന്നുള്ളിൽ ഒരു നിലവിളക്കു കത്തിക്കൊണ്ടിരിക്കുന്നു.

കോട്ടയത്തുവെച്ചുനടന്ന പുരോഗമനസാഹിത്യസമ്മേളനത്തിന്റെ ധനാഭ്യർത്ഥനയ്ക്ക് ഒരുമറുപടിപോലും അയയ്ക്കാതിരുന്ന തിരുകൊച്ചിഗവൺമ്മെണ്ട് സാഹിത്യപരിഷത്തിന്റെ സമ്മേളനത്തിന്ന് അയ്യായിരം ഉറുപ്പിക സംഭാവനചെയ്തു. രാജപ്രമുഖൻ ആയിരം ഉറുപ്പിക വേറേയും. ഉയർന്ന സർക്കാരുദ്യോഗസ്ഥന്മാരും പണക്കാരായ മറ്റനേകം വ്യക്തികളും പരിഷത്തിനെ അനുഗ്രഹിച്ചു. സർക്കാരുദ്യോഗസ്ഥന്മാരും രാജസേവിതന്മാരും സാഹിത്യവുമായി പറയത്തക്ക ബന്ധമൊന്നുമില്ലാത്ത ചില ധനാഢ്യന്മാരും മുൻപന്തിയിൽതന്നെ സ്ഥലം പിടിച്ചിരുന്നു. നാടുവാഴിമേധാവിത്വത്തിന്റെ സാംസ്കാരികാവശിഷ്ടങ്ങളാണ് സമ്മേളനത്തിലുടനീളം വിളയാടിയിരുന്നത്.

പഴയ തലമുറയിലെ പ്രശസ്തരായ പല സാഹിത്യകാരന്മാരും സമ്മേളനത്തിൽ പങ്കെടുത്തു. പക്ഷേ, പുതിയ തലമുറയിലെ സാഹിത്യകാരന്മാർ, പ്രത്യേകിച്ചും പുരോഗമന സാഹിത്യകാരന്മാർ വളരെ വളരെ കുറവായിരുന്നു. സാഹിത്യപരിഷത്തിന്റെ മിക്ക സമ്മേളനങ്ങളിലും കാണപ്പെടാറുള്ള സുപരിചിതങ്ങളായ പല മുഖങ്ങളും തിരുവനന്തപുരം സമ്മേളനത്തിൽ പ്രത്യക്ഷപ്പെടുകയുണ്ടായില്ല.

പണമില്ലാത്ത സാധാരണക്കാർക്ക് സമ്മേളനപ്പന്തലിൽ പ്രവേശനമുണ്ടായിരുന്നില്ല. പ്രേക്ഷകരായ സാഹിത്യപ്രണയികൾക്ക് ഓരോ ഉറുപ്പിക ഫീസ്സു ചുമത്തപ്പെട്ടിരുന്നു. അനേകം കസേലകൾ ഒഴിഞ്ഞുകിടന്നതിന്ന് അതൊരു കാരണമായിരുന്നു.

ചുരുക്കിപ്പറഞ്ഞാൽ, കഴിഞ്ഞ ഏതാനും കൊല്ലങ്ങളിലായി, പ്രത്യേകിച്ചും എറണാകുളം, ഒറ്റപ്പാലം, വടകര എന്നീ സ്ഥലങ്ങളിൽവെച്ചു നടന്നസമ്മേളനങ്ങളിൽ കാണപ്പെട്ട ജനകിയാന്തരീക്ഷം തിരുവനന്തപുരത്തുണ്ടായിരുന്നില്ല. ജനങ്ങളും ജനകീയ കലാപ്രശ്നങ്ങളും ഒഴിച്ചു നിർത്തപ്പെട്ടതുപോലെ തോന്നി.

സമ്മേളനം 5 ദിവസം നീണ്ടുനിന്നു. സാഹിത്യശാഖകൾ വേർതിരിച്ചു ഉപസമ്മേളനങ്ങൾ നടത്തുകയെന്ന സമ്പ്രദായം സ്വീകരിക്കപ്പെട്ടതുകൊണ്ട് യോഗങ്ങളുടെ എണ്ണം വർദ്ധിച്ചു. ഉദ്ഘാടനസമ്മേളനം, സൌഹൃദസമ്മേളനം, ഭാഷാശാസ്ത്രവും ഗവേഷണവും, ദൃശ്യകലാസമ്മേളനം, പദ്യസാഹിത്യം, കാവ്യമേള, പത്രപ്രവർത്തനം, കഥാസാഹിത്യം, ഗ്രന്ഥശാലാപ്രസിദ്ധീകരണം, ചർച്ചായോഗം, പൊതുസമ്മേളനം ഇങ്ങിനെ ആകെ 11 സമ്മേളനങ്ങൾ നടന്നു. സാഹിത്യകാരന്മാർ മുൻകൂട്ടി എഴുതിക്കൊണ്ടുവന്ന പ്രസംഗങ്ങൾ വായിച്ചു. നമ്മുടെ രാജ്യത്തിന്റെ, ലോകത്തിന്റെയാകെത്തന്നെ, സാംസ്കാരികജീവിതത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളൊന്നും ആ പ്രസംഗങ്ങളിൽ പ്രതിഫലിയ്ക്കുകയുണ്ടായില്ല. മലയാളസാഹിത്യത്തിലുണ്ടായിക്കൊണ്ടിരിയ്ക്കുന്ന മാറ്റങ്ങളെ നിർഭയം വിശകലനം ചെയ്തുകൊണ്ടു മുന്നോട്ടു പോകാനുള്ള യാതൊരു ശ്രമവും നടന്നില്ല. ഉള്ളടക്കത്തെ തൊടാതെ രൂപംകൊണ്ടു ഞാണിന്മേൽക്കളി നടത്താനുള്ള വെമ്പലാണ് മിക്ക പ്രാസംഗികന്മാരും പ്രകടിപ്പിച്ചത്. ഉദാഹരണത്തിന്ന് പദ്യസാഹിത്യം, കഥാസാഹിത്യം, മുതലായ സമ്മേളനങ്ങളിലെ പ്രസംഗങ്ങളെടുക്കുക. ഒന്നുകിൽ രൂപത്തെപ്പറ്റിയുള്ള ചർച്ചകൾ, അല്ലെങ്കിൽ ചരിത്രപരമായ വിശകലനങ്ങൾ ഇതാണ് രണ്ടിലുമുണ്ടായത്. ഈ രണ്ടു സമ്മേളനങ്ങളിലും 'പ്രക്ഷുബ്ധമായ അന്തരീക്ഷം' സൃഷ്ടിച്ച ചില അഭിപ്രായവ്യത്യാസങ്ങൾ പൊന്തിവരികയുണ്ടായി. സിംബോളിക്ക് കവിതകൾ നന്നല്ല എന്ന് കെ. ദാമോദരൻ (തിരു-കൊച്ചി), നന്ന് എന്ന് മഹാകവി ജി. ശങ്കരക്കുറുപ്പ്. പക്ഷേ, രണ്ടു പേരും ഇന്നത്തെ കവിതകളുടെ ഉള്ളടക്കം പരിശോധിക്കാൻ തയ്യാറായില്ല. സിംബോളിസമുപയോഗിച്ചുകൊണ്ടെഴുതപ്പെടുന്ന കവിത പുരോഗമനപരമായാലും കൊള്ളാം, പിന്തിരിപ്പനായാലുംകൊള്ളാം, രണ്ടു പേർക്കും ആക്ഷേപമില്ല!

കഥാസാഹിത്യസമ്മേളനത്തിൽ വെച്ച് പി. കേശവദേവ് സർദാർ, കെ. എം. പണിക്കരെപ്പോലുള്ള 'സാഹിത്യത്തമ്പുരാക്ക'ന്മാരെ ആക്ഷേപിയ്ക്കുകയുണ്ടായി. എന്തിന്? സാഹിത്യത്തമ്പുരാക്കന്മാർ ജനങ്ങളുടെ മുന്നേറ്റത്തിന്നു രൂപംകൊടുക്കുന്ന സാഹിത്യങ്ങൾ നിർമ്മിക്കാത്തതുകൊണ്ടാണോ. അല്ല, സർദാർ പണിക്കരുടെ ഒരു പുസ്തകത്തിൽ വള്ളത്തോൾ, ശങ്കരക്കുറുപ്പ് മുതലായവർക്കു മാത്രമേ സ്ഥാനം നൽകിയുള്ളുവെന്നും മലയാള സാഹിത്യത്തെ വളർത്താൻ സഹായിച്ച തന്നേപ്പോലുള്ള സാഹിത്യകാരന്മാരെ അവഗണിച്ചിരിക്കുന്നു എന്നുമാണ് കേശവദേവിന്റെ ആക്ഷേപം. പണിക്കർ താലോലിക്കുന്ന സാഹിത്യകാരന്മാരുടെ കൃതികളുടെ ഉള്ളടക്കം തുറന്നു കാണിക്കാനോ ജനങ്ങളുടെ ഹൃദയമിടിപ്പുകൾക്ക് സ്ഥാനം നൽകുന്ന സാഹിത്യകൃതികൾക്കുവേണ്ടി വാദിയ്ക്കാനോ കേശവദേവ് തയ്യാറില്ല. എന്തുകൊണ്ടെന്നാൽ, ഉള്ളടക്കത്തെസ്സംബന്ധിച്ചേടത്തോളം അദ്ദേഹവും പിന്തിരിപ്പൻ സാഹിത്യകാരന്മാരും തമ്മിൽ വ്യത്യാസമില്ലാതായിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണദ്ദേഹം കേരളത്തിലെ മർദ്ദിതജനവിഭാഗങ്ങളെ വളരെയധികം ആകർഷിച്ച 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തിന്റെ നേർക്ക് തട്ടിക്കയറിയത്. 'പൊന്നരിവാളമ്പിളിയില്' എന്ന ഓ.എൻ.വി.യുടെ സുപ്രസിദ്ധഗാനത്തെ വിമർശിച്ചുകൊണ്ട് ദേവ് പറയുകയാണ്: 'പൊന്നു' എന്ന വാക്കുപയോഗിച്ചത് കവിയുടെ പെറ്റിബൂർഷ്വമേനോഭാവത്തെയാണ് കാണിയ്ക്കുന്നത്, നിലാവിന്ന് നിഴലേ ഉള്ളു. തണലില്ല, അതുകൊണ്ട് നിഴലും തണലും തമ്മിൽ തിരിച്ചറിയാൻ കഴിയാത്ത കവിയാണ് ഓ.എൻ.വി, 'കണ്ണേറിയുന്നോളെ' എന്നു വിളിച്ചതു ശരിയായില്ല, കാരണം ദരിദ്രസ്ത്രീകൾ കണ്ണേറിയാറില്ല, നോക്കാറേ ഉള്ളു-മറ്റും മറ്റും. ഇങ്ങിനെ പഴഞ്ചൻ സാഹിത്യകാരന്മാർ പണ്ടു ചെയ്തിരുന്നതുപോലെ വാക്കുകളെപ്പിടിച്ചു കസർത്തുകാണിക്കാനാണ് കേശവദേവ് മുതിർന്നത്. അതുകൊണ്ടു പിന്തിരിപ്പൻ സാഹിത്യകാരന്മാർക്കെതിരായി അദ്ദേഹം മുഴക്കിയ ഗർജ്ജനം അവർക്കിടയിൽ യാതൊരമ്പരപ്പുമുണ്ടാക്കിയില്ല.

ഭാഷാശാസ്ത്രഗവേഷണസമ്മേളനത്തിലെ പ്രസംഗങ്ങൾ താരതമ്യേന പണ്ഡിതോചിതങ്ങളായിരുന്നു. കേരളത്തിന്നൊരുചരിത്രമുണ്ടാവണം എന്നും മറ്റുമുള്ള സ്വീകാര്യമായ പലനിർദ്ദേശങ്ങളും അവയിൽനിന്നുയർന്നുവരികയുണ്ടായി. പക്ഷേ, ആ സമ്മേളനവും ചരിത്രത്തിൻറേയോ ഗവേഷണത്തിൻറേയോ ഉള്ളടക്കം തൊടാൻ കൂട്ടാക്കിയില്ല.

ചുരിക്കിപ്പറഞ്ഞാൽ, ജനങ്ങളുടെ പുരോഗതിയെ സഹായിയ്ക്കാനും അവരുടെ വളർന്നുവരുന്ന സാംസ്കാരികാവാശ്യങ്ങളെ തൃപ്തിപ്പെടുത്താനുതകുന്നവിധത്തിൽ ബോധപൂർവ്വമായ സാഹിത്യകൃതികൾ നിർമ്മിക്കാനുള്ള ഒരു പ്രചോദനമല്ല തിരുവനന്തപുരം സമ്മേളനം നൽകിയത്. വളരെയധികം പണം ചെലവിട്ട് ഗംഭീരമായ ഒരുത്സവം നടത്തി, അത്രമാത്രം.

വാസ്തവത്തിൽ, ഈ സമ്മേളനം പുരോഗമനസാഹിത്യകാരന്മാരോടുള്ള ഒരു വെല്ലുവിളിയാണ്. 'കല കലയ്ക്കുവേണ്ടി' എന്ന പഴയ വാദം വീണ്ടും തലപൊക്കാൻ തുടങ്ങിയിരിക്കുകയാണ്. പിന്തിരിപ്പന്മാരായ സർക്കാർ സാഹിത്യകാരന്മാരുടെ നേതൃത്വത്തിൽ ഫോർമലിസം മലയാളസാഹിത്യത്തെ ആക്രമിക്കാൻ തുടങ്ങിയിരിക്കയാണ്. ഈ പിന്തിരിപ്പൻ പ്രവണതയെ എതിർക്കാൻ വേണ്ടി സംഘടിതമായി പ്രവർത്തിച്ച് ജനങ്ങൾക്കുവേണ്ടിയുള്ള സാഹിത്യങ്ങൾ നിർമ്മിക്കാൻ കേരളത്തിലെ പുരോഗമനസാഹിത്യകാരന്മാർ മുന്നോട്ടുവരേണ്ടിയിരിക്കുന്നു.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 7

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. എന്താണ് സാഹിത്യം
2. സാഹിത്യ നിരൂപണം
3. സാഹിത്യത്തിലെ മാർക്സിയൻ വീക്ഷണം
4. പുരോഗമന സാഹിത്യം എന്ത്? എന്തിന്?
5. ജീവത്സാഹിത്യവും പുരോഗമന സാഹിത്യവും ചരിത്രപരമായൊരവലോകനം
6. പുരോഗമനസാഹിത്യസംഘടനയുടെ തകർച്ച: കാരണങ്ങളെക്കുറിച്ച് ഒരിക്കൽക്കൂടി
7. അസ്വസ്ഥതയുടെ സാഹിത്യം
8. മലയാളസാഹിത്യത്തിന്റെ ഭാവി
9. വിചാരവിപ്ലവം
10. പാട്ടബാക്കി
11. ‘പാട്ടബാക്കി’യെപ്പറ്റി
12. ഭാഷയും സാഹിത്യവും
13. മലയാളഭാഷയുടെ ഉത്ഭവം
14. ഭാഷയിലെ വിപ്ലവം
15. കവിതയുടെ ഭാവി–മലയാളത്തിൽ
16. ഫോർമലിസം തലപൊക്കുന്നു
17. രാഷ്ട്രഭാഷ എന്തായിരിക്കണം?


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014